**ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദ്ദേശങ്ങൾ**
**www.cuonline.ac.in സന്ദർശിക്കുക**

**സെൻട്രലൈസ്ഡ് അഡ്മിഷൻ തുടർച്ചയായപ്രോസസ്സ് മുഖാന്തരമുള്ള ഒന്നാം വർഷ ഡിഗ്രി അഡ്മിഷൻ തുടർച്ചയായ രണ്ടു ഘട്ടങ്ങളായിട്ടാണ് നടത്തുന്നത്**

ഒന്നാം ഘട്ടം : ഫീസ് അടയ്ക്കുക. ഓൺലൈൻ വഴി മാത്രം
രണ്ടാം ഘട്ടം : ഓൺലൈൻ അപ്ലിക്കേഷൻ സമർപ്പണം

**താഴെപറയുന്ന രേഖകൾ തയ്യാറാക്കി വെയ്ക്കുക**

1. ജനന തീയതി : എസ് .എസ് .എൽ.സി. സർട്ടിഫിക്കറ്റിന്റെ കോപ്പി.
2. മൊബൈൽ നമ്പർ : (അപേക്ഷകന്റെയോ/ അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.) ഒരു കാരണവശാലും ഇന്റർനെറ്റ് കഫേകളുടെയോ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റു ഏജൻസികളുടെയോ മൊബൈൽ നമ്പർ നൽകരുത്. (അലോട്ട്മെന്റ് പോലുള്ള സുപ്രധാനമായ പല കാര്യങ്ങളും SMS വഴിയാണ് അറിയിക്കുന്നത്. പ്രധാനപ്പെട്ട ഈ വിവരങ്ങളും മറ്റും മൊബൈൽ നമ്പർ സമർപ്പിക്കാത്തപക്ഷം അറിയാതെ പോകുവാൻ ഇടയുണ്ട്.)
3. ഇ-മെയിൽ : (അപേക്ഷകന്റെയോ/ അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.) ഒരു കാരണവശാലും ഇന്റർനെറ്റ് കഫേകളുടെയോ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റു ഏജൻസികളുടെയോ ഇ-മെയിൽ ഐ.ഡി. നൽകരുത്. ഇ-മെയിൽ ഇല്ലാത്തവർ ഒരു ഐ.ഡി. സ്വന്തമായി ഉണ്ടാക്കുക.
   അലോട്ട്മെന്റ് പോലുള്ള സുപ്രധാനമായ പല കാര്യങ്ങളും ഇ-മെയിൽ മുഖാന്തരവും അറിയിക്കുന്നതാണ് .
4. അപേക്ഷ ഫീസ് : ഓരോ പ്രവേശന വിജ്ഞാപനത്തിലും പ്രതിപാദിച്ചിട്ടുളള ഫീസ്

**ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക**

1. https://www.uoc.ac.in URL ഉപയോഗിക്കുക
2. വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ***instant pay*** ക്ലിക്ക് ചെയ്യുക. ഓരോ പ്രവേശന വിജ്ഞാപനത്തിലും പ്രതിപാദിച്ചിട്ടുളള ഫീസ് തെരഞ്ഞെടുത്ത് സമർപ്പിക്കുക.
3. തുടർന്നു വരുന്ന സ്ക്രീനിൽ ആവശ്യപ്പെട്ടിട്ടുളള വിവരങ്ങൾ രേഖപ്പെടുത്തുക. (മൊബൈൽ നമ്പർ & ഇ-മെയിൽ എന്നിവ (അപേക്ഷകന്റെയോ/ രക്ഷാകർത്താവിന്റെയോ മാത്രം രേഖപ്പെടുത്തുക.
4. ഫീസ് അടയ്ക്കാൻ ഉദ്ദേശിക്കുന്ന വിധം രേഖപ്പെടുത്തുക.
   കേരളത്തിലെ അപേക്ഷകർക്ക് താഴെ പറയുന്ന വിധത്തിൽ ഫീസ് അടയ്ക്കാവുന്നതാണ് .
   a) സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ (ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യമുള്ളവർക്ക് മാത്രം )
   b) പേയ്മെന്റ് ഗെയ്റ്റവേ
   c) നോഡൽ സെന്റർ (കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ നോഡൽ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് . (ലിസ്റ്റ് www.cuonline.ac.in എന്ന

വെബ്സൈറ്റിൽ ലഭ്യമാണ്.)

d) അക്ഷയകേന്ദ്രങ്ങൾ

e) ജനസേവന കേന്ദ്രങ്ങൾ

f) ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യം പ്രദാനം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ

സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ പേയ്മെന്റ് തെരഞ്ഞെടുക്കുന്നവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

a) സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ പേയ്മെന്റ് (ഇന്റർനെറ്റ് പേയ്മെന്റ് സൈറ്റിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഫീസ് അടയ്ക്കുക.)

b) ഫീസ് അടച്ച ഉടനെ തന്നെ റെജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പറിലേക്ക് CAP ഐ.ഡി നമ്പർ, പാസ് വേർഡ് എന്നിവ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

**രണ്ടാം ഘട്ടം : ഡിഗ്രി/ കോഴ്സുകളിലേക്ക് /പ്രോഗ്രാമുകളിലേക്ക് അഡ്മിഷനായുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക**

1. ക്യാപ് ഐ.ഡി നമ്പർ/ചെല്ലാൻ നമ്പർ, പാസ് വേർഡ് (മൊബൈലിൽ ലഭിച്ചത്)
2. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്
3. 20 kb ക്കും 40 kb ക്കും ഇടയിലുള്ള .jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ.
4. അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന കോളേജ്/കോഴ്സ്, മുൻഗണന പ്രകാരം തയ്യാറാക്കുക. ഒരു അപേക്ഷകന് വിവിധ കോളേജുകളിൽ നിന്നുമായി വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള അത്രയും കോഴ്സുകൾ/പ്രോഗ്രാമുകൾ തെരഞ്ഞെടുത്ത് സമർപ്പിക്കാവുന്നതാണ്. കോളേജ്/കോഴ്സ്, എന്നിവയുടെ ലിസ്റ്റ് **www.cuonline.ac.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ കോളേജുകളിലെയും, എയിഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെയും ഫീസ് ഗവണ്മെന്റ് കോളേജുകളിലെ ഫീസ് നിരക്കിൽ നിന്നും വ്യത്യസ്തമായിരിക്കും. അതാത് വർഷത്തെ ഫീസ് ഘടന പ്രവേശന വിജ്ഞാപനത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.
5. ബി.പി.എൽ വിഭാഗത്തിൽ അപേക്ഷിക്കുന്ന മുന്നോക്ക സമുദായക്കാർ വരുമാന സർട്ടിഫിക്കറ്റ് തയ്യാറാക്കി വെയ്ക്കേണ്ടതാണ്.

**ഡിഗ്രി കോഴ്സുകളിലേക്ക് /പ്രോഗ്രാമുകളിലേക്ക് ഓൺലൈൻ അപേക്ഷ സമർപ്പണം നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക.**

www.cuonline.ac.in -UG/PG Registration എന്ന ലിങ്കിൽ ക്യാപ് ഐ.ഡി, പാസ് വേർഡ് നല്കി റജിസ്ട്രേഷൻ ആരംഭിക്കുക.

**നാല് ഭാഗങ്ങളായിട്ടാണ് ഓൺലൈൻ അപേക്ഷ സമർപ്പണം നടക്കുക.**

**ഭാഗം (1)**

എ) ഫോട്ടോ അപ്പ് ലോഡ് ചെയ്യുക.( 20 kb ക്കും 40 kb ക്കും ഇടയിലുള്ള യിൽ താഴെയുള്ള jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ).

**ഭാഗം (2)**

**(എ) പ്രാഥമിക വിവരങ്ങൾ**

**ഒഴിഞ്ഞ കോളങ്ങളിൽ പ്രസക്ത വിവരങ്ങൾ സമർപ്പിക്കുക.**

**(ബി) വ്യക്തിഗത വിവരങ്ങൾ**

1. സംവരണവിഭാഗക്കാർ അവർക്ക് അർഹതയുള്ള വിവരങ്ങൾ മാത്രം നൽകുക, അല്ലാത്തപക്ഷം ലഭിക്കുന്ന പ്രവേശനം നിരസിക്കപെടുന്നതായിരിക്കും. (നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/വരുമാന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് സമർപ്പിക്കേണ്ടതാണ്.)
2. ബി.പി.എൽ വിഭാഗക്കാർ വരുമാന സർട്ടിഫിക്കറ്റിന്റെ ഉത്തരവ് നമ്പർ, തിയ്യതി, സർട്ടിഫിക്കറ്റ് നല്കിയ അധികാരി എന്നിവ രേഖപ്പെടുത്തുക. പ്രസ്തുത സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് കോളേജിൽ സമർപ്പിക്കേണ്ടതാണ്.
3. വെയിറ്റേജ് : വിവിധ തരത്തിലുള്ള വെയിറ്റേജിന് അർഹരായിട്ടുള്ള അപേക്ഷകർ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതാണ്.

രേഖപ്പെടുത്തിയ വിവരങ്ങൾ എഡിറ്റ് ചെയ്യാവുന്നതാണ്. എഡിറ്റ് ചെയതതിന് ശേഷമോ അല്ലാതെയോ അടുത്ത ഭാഗത്തിലേക്ക് പോകുന്നതിനായി **"SAVE AND PROCEED"** ക്ലിക്ക് ചെയ്യുക.

**ഭാഗം (3)**

1) ഈ ഭാഗത്തിൽ എത്ര തവണ എടുത്താണ് പരീക്ഷ പാസായത് എന്ന് രേഖപ്പെടുത്തുക. ആദ്യതവണയ്ക്ക് ശേഷം തുടർന്ന് എടുത്തിട്ടുള്ള ഓരോ തവണയ്ക്കും 10 മാർക്ക് വീതം നഷ്ടമാവുന്നതാണ് (പരമാവധി 25 മാർക്ക് ).

2) യോഗ്യത പരീക്ഷയുടെ ബോർഡ് /യുണിവേഴ്സിറ്റി രേഖപ്പെടുത്തുക.

3) യോഗ്യത പരീക്ഷയുടെ ബോർഡ് /യുണിവേഴ്സിറ്റി പരീക്ഷയുടെ സ്കീം തെരഞ്ഞെടുക്കുക. (സയൻസ്, ഹ്യുമാനിറ്റീസ്, കോമേഴ്സ് തുടങ്ങയവ) ഓരോ സ്കീമിനു കീഴിൽ വരുന്ന വിവിധ കോംബിനേഷൻ തെരഞ്ഞെടുക്കുക.

4) സ്ക്രീനിൽ മാർക്ക് സ്വമേധയ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ശരിയാണ് എന്ന് ഉറപ്പവരുത്തുക. മറ്റുള്ളവർ മാർക്ക് രേഖപ്പെടുത്തുക.

5) മാർക്ക് എൻട്രി : മാർക്ക് രേഖപ്പെടുത്തുമ്പോൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

6) ഈ ഭാഗത്ത് രേഖപ്പെടുത്തിയ വിവരങ്ങളും എഡിറ്റ് ചെയ്യാവുന്നതാണ്. അടുത്ത ഭാഗത്തിലേക്ക് പോകുന്നതിനായി **"SAVE AND PROCEED"** ക്ലിക്ക് ചെയ്യുക.

ഭാഗം (4)

ഈ ഭാഗത്തിൽ അപേക്ഷകർ ഉദ്ദേശിക്കുന്ന കോളേജ്, കോഴ്സ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

മുൻഗണനാക്രമത്തിൽ നേരത്തെ തയ്യാറാക്കിവെച്ച കോളേജ്, കോഴ്സ് ലിസ്റ്റ് എന്റർ ചെയ്യുക.

എയിഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ടയിൽ അപേക്ഷിക്കാൻ ഉദ്ദേശിക്കുന്നവർ കോളേജ്, കോഴ്സ് എന്നിവ രേഖപ്പെടുത്തുക. സമർപ്പിച്ച ഓപ്ഷൻ കാണാവുന്നതും ആവിശ്യമെങ്കിൽ എഡിറ്റ് ചെയ്യാവുന്നതാണ്.

അതല്ലെങ്കിൽ വെരിഫിക്കേഷൻ പ്രിന്റ് ഔട്ട് എടുത്ത് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം അന്തിമ സമർപ്പണം നടത്തുകയും പ്രിന്ററ് എടുക്കുകയും ചെയ്യുക.

### എഡിറ്റിംഗ്

ഓരോ വിദ്യാർത്ഥിക്കും അപേക്ഷ "അന്തിമ സമർപ്പണം" നടത്തുന്നത് വരെ എഡിറ്റ് ചെയ്യുന്നതിനുള്ള അവസരം ഉണ്ടായിരിക്കും. അന്തിമ സമർപ്പണത്തിനു ശേഷം എന്തെങ്കിലും എഡിറ്റ് ചെയ്യുന്നതിന് വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്ന നോഡൽ സെന്ററുകളിൽ മാത്രമേ സാധിക്കുകയുള്ളൂ.

ആയതിനാൽ വെരിഫിക്കേഷൻ പ്രിന്റ് ഔട്ട് എടുത്ത് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം അന്തിമ സമർപ്പണം നടത്തുക.

അപേക്ഷയുടെ അന്തിമ സമർപ്പണത്തിനുശേഷം പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രിന്റൗട്ട് ഉൾപ്പെടെ ഒരു രേഖയും യൂണിവേഴ്സിറ്റിയിലേക്ക് അയക്കേണ്ടതില്ല. അപേക്ഷയും ഓൺലൈൻ പേയ്മെന്റ് രശീത്/ചെലാൻ രശീതിന്റെ കോളേജ് കോപ്പി എന്നിവ അഡ്മിഷൻ എടുക്കുന്ന കോളേജിൽ സമർപ്പിക്കേണ്ടതാണ്.

മാനേജ്മെന്റ്, സ്പോർട്സ് ക്വാട്ടകളിലേക്ക് അപേക്ഷിക്കുന്നവർ കോളേജിൽ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി നിർബന്ധമായും CAP വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.

### മാൻഡേറ്ററി ഫീസ്

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ, മാൻഡേറ്ററിഫീസ് അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. മാൻഡേറ്ററി ഫീസ് ഒറ്റത്തവണ മാത്രമേ അടയ്ക്കേണ്ടതുള്ളൂ. അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടയ്ക്കാത്തവരുടെ നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതാണ്. പിന്നീട് ഒരു കാരണവശാലും അവർക്ക് പിന്നീട് അലോട്ട്മെന്റ് പ്രക്രിയിൽ തിരികെ പ്രവേശിക്കാൻ സാധിക്കുന്നതല്ല.

അലോട്ട്മെന്റ് പ്രക്രിയയിലൂടെയല്ലാതെ അഡ്മിഷൻ നടത്തുന്ന സീറ്റുകളിലേക്ക് പ്രവേശനം നേടുന്നവരും ഷെഡ്യൂൾ പ്രകാരം പ്രഖ്യാപിക്കുന്ന തീയ്യതിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടയ്ക്കേണ്ടതാണ്.

### മാനേജ്മെന്റ് ക്വോട്ട

**എയ്ഡഡ് കോളേജുകളിലും/എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളിലെയും/പ്രോഗ്രാമുകളിലെയും സ്വാശ്രയ കോളേജുകളിലും മാനേജ്മെന്റിന് നീക്കി വെച്ചിട്ടുള്ള സീറ്റുകൾ.**

പ്രസ്തുത സീറ്റുകളിലേക്കുള്ള അഡ്മിഷൻ മാനേജ്മെന്റുകൾ നേരിട്ട് നടത്തുന്നതാണ്. മാനേജ്മെന്റ് ക്വോട്ടയിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ സി.എ.പി റജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതിനോടൊപ്പം പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന കോളേജിൽ നിന്നും ലഭിക്കുന്ന

അപേക്ഷ പൂരിപ്പിച്ച് അതാത് കോളേജിൽ സമർപ്പിക്കേണ്ടതുമാണ് .

**കമ്മ്യൂണിറ്റി ക്വോട്ട**

കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിക്കാൻ ഉദ്ദേശിക്കുന്നവർക്ക് താത്പര്യമുള്ള കോളേജുകൾ തിരഞ്ഞെടുക്കാവുന്നതാണ്. കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിക്കാൻ താത്പര്യമുണ്ടോ എന്ന് ചോദ്യം/ഓപ്പ്ഷൻ ആദ്യം ക്ലിക്ക് ചെയ്യുക. മേൽപറഞ്ഞ പ്രകാരം ഓപ്പ്ഷൻ നല്കിയവർക്ക് അർഹതയുള്ള കോളേജുകളിലേക്ക് കമ്മ്യൂണിറ്റി ക്വോട്ടയിൽ അപേക്ഷിക്കുന്നതിന് അവസരമുണ്ടായിരിക്കും.

**സ്പോർട്ട്സ് ക്വോട്ട**

സ്പോർട്ട്സ് ക്വോട്ടയിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ ക്യാപ് റജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതും കൂടാതെ പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന കോളേജിൽ നിന്നും ലഭിക്കുന്ന അപേക്ഷ പൂരിപ്പിച്ചു അതാത് കോളേജിൽ സമർപ്പിക്കേണ്ടതുമാണ്. സ്പോർട്സ് ക്വോട്ടയിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിന് സ്പോർട്സ് ഇനത്തിലെ മികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും കോളേജിൽ സമർപ്പിക്കേണ്ടതാണ്.

**ഹയർ ഓപ്ഷൻ റദ്ദാക്കൽ**

എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കാൻ നോഡൽ സെന്ററുകൾ മുഖാന്തരമേ സാധ്യമാവുകയുള്ളൂ. ഹയർ ഓപ്ഷനുകൾ ഭാഗികമായി റദ്ദ് ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് നേരിട്ടോ അല്ലെങ്കിൽ, അക്ഷയ കേന്ദ്രം, നോഡൽ സെന്റർ, ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യം പ്രദാനം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയുടെയോ സേവനം ഉപയോഗിക്കാവുന്നതാണ്. ഹയർ ഓപ്ഷനുകൾ ഭാഗികമായി റദ്ദാക്കുന്നതിന് വിദ്യാർത്ഥികൾ സ്വന്തം ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്തതിന് ശേഷം ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദാക്കാവുന്നതാണ്.

**കോളേജ് കോഴ്സ് പുനഃക്രമീകരണം**

ട്രയൽ അലോട്ട്മെന്റിനുശേഷം നേരത്തെ സമർപ്പിച്ച കോളേജ് , കോഴ്സ് ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതാണ് ഇതിനായി വിദ്യാർത്ഥിയുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്ത് കോളജ് കോഴ്സ് ഓപ്ഷൻ ഡ്രാഗ് ആന്റ് ഡ്രോപ് സൗകര്യം ഉപയോഗിച്ച് പുനഃക്രമീകരിക്കാവുന്നതാണ് പുതിയ കോളേജോ, കോഴ്സുകളോ, ഈ അവസരത്തിൽ കൂട്ടിചേർക്കാൻ സാധിക്കുന്നതല്ല.

**അഡ്മിഷൻ**

**1. സ്ഥിരം അഡ്മിഷൻ**

ഓരോ അലോട്ട്മെന്റിനുശേഷവും ഒന്നാമത്തെ ഓപ്ഷനിലേക്ക് അലോട്ട്മെന്റ് ലഭിച്ചവർക്കും ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായവർക്കും സ്ഥിരം അഡ്മിഷൻ എടുക്കാവുന്നതാണ്. **മൂന്നാമത്തെ** അലോട്ട്മെന്റിനുശേഷം അതുവരെ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അതാത് കോളേജിൽ നിർബന്ധമായും സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

**2. താത്കാലിക അഡ്മിഷൻ**

രണ്ടാമത്തെ അലോട്ട്മെന്റിന് ശേഷം അലോട്ട്മെന്റ് ലഭിച്ച് ഹയർ ഓപ്ഷനുകൾക്കായി കാത്തിരിക്കുന്ന എല്ലാ വിദ്യാർത്ഥികളും കോളേജുകളിൽ റിപ്പോർട്ട് ചെയ്ത് താത്ക്കാലിക അഡ്മിഷൻ എടുക്കേണ്ടതാണ്. താത്ക്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ യാതൊരു വിധ ഫീസോ ഒറിജിനൽ സർട്ടിഫിക്കേറ്റുകളോ നൽകേണ്ടതില്ല.

**<u>പ്രത്യേക ശ്രദ്ധക്ക്</u>**

- രജിസ്ട്രേഷന്റെ വേളയിൽ ഏതെങ്കിലും ഭാഗത്തിൽ പിന്നിട് തുടരാം എന്ന് ഉദ്ദേശിക്കുന്ന പക്ഷം ലോഗ് ഔട്ട് ചെയ്യുക.
- രജിസ്ട്രേഷന്റെ വേളയിൽ ഒരു കാരണവശാലും ബാക്ക് ബട്ടൺ ഉപയോഗിക്കരുത് .
- രജിസ്ട്രേഷന് ഉപയോഗിക്കുന്ന കംപ്യൂട്ടർ ഐ.പി.അഡ്രസ്സ് യൂണിവേഴ്സിറ്റി ശേഖരിക്കുന്നതാണ്. കുറ്റകരമായ ക്രമക്കേടുകൾ ബോധപൂർവ്വം വരുത്തുന്നത് സൈബർ നിയമപ്രകാരം ശിക്ഷാർഹമാണ് .
  ഏതങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് കുറ്റകരവും, അഡ്മിഷൻ റദ്ദ് ചെയ്യുന്നതിന് കാരണമാവുകയും ചെയ്യുന്നതാണ്. സമർപ്പിക്കുന്ന വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്തമാണ്.
- മാർക്ക് ഇംപ്രൂവ്മെന്റ്, റീവാല്യുവേഷൻ മുതലായവ കാരണം റെജിസ്ട്രേഷന്റെ അവസാന തിയ്യതിക്കുശേഷം മാർക്ക് മാറിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത മാർക്കുകൾ മൂന്നാം അലോട്ട്മെന്റിനുശേഷമേ പരിഗണിക്കുകയുള്ളൂ. ഇതിനായി നോഡൽ സെന്ററുകൾ മുഖാന്തരം പുതിയ മാർക്ക് ഷീറ്റ് സ്കാൻ ചെയ്ത് യൂണിവേഴ്സിറ്റിയിലേക്ക് ഇ-മെയിൽ മുഖാന്തരം അയക്കേണ്ടതാണ്.
- സി.എ.പി ഐ.ഡി /ഓൺലൈൻ ഐഡി/ചലാൻ നമ്പർ/പാസ്വേർഡ് എന്നിവ രജിസ്ട്രേഷൻ ആരംഭിച്ച് അഡ്മിഷൻ അവസാനിക്കുന്നതിന് ഇടയിൽ നഷ്ടപ്പെടുന്നപക്ഷം വിദ്യാർത്ഥികൾക്ക് ആയത് താഴെപറയുന്ന എതെങ്കിലും മാർഗ്ഗം ഉപയോഗിച്ചാൽ വിധം തിരികെ ലഭിക്കുന്നതാണ്.

  (എ) രജിസ്ട്രേഷൻ പേജിന്റെ ചുവടെ നല്കിയിട്ടുള്ള 'FORGOT PASSWORD' ഉപയോഗിക്കാവുന്നതാണ്.

  (ബി) epay.uoc.ac.in എന്ന വെബ്സൈറ്റിന്റെ ഹോം പേജിൽ നിന്നും Reprint/SMS എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.
- ഇത്തരത്തിൽ നഷ്ടപ്പെടുന്ന എല്ലാ വിവരങ്ങളും രജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ചിട്ടുള്ള മൊബൈൽ നമ്പറിലേക്ക് ലഭിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് അഡ്മിഷൻ റൂൾസ് - കൈ പുസ്തകം, പ്രോസ്പെക്ടസ് എന്നിവ കാണുക**